## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 34

01/12/2015-ൽ മറുപടിക്ക്

## ആദിവാസികൾക്ക് മാലിന്യം ഭക്ഷിക്കേണ്ട അവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് :<br>,, പി. ശ്രീരാമകൃഷ്ണൻ :<br>,, കെ.കെ.നാരായണൻ :<br>,, ബാബു എം. പാലിശ്ശേരി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി മേഖലയിലെ ജനവിഭാഗം വിശപ്പടക്കാനായി മാലിന്യം ഭക്ഷിക്കുന്ന സാഹചര്യമുണ്ടായതായ കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ആദിവാസി മേഖലയിൽ ഭക്ഷ്യക്ഷാമം അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (ബി) | ആദിവാസികൾക്ക് മാലിന്യം ഭക്ഷിക്കേണ്ട സാഹചര്യമുണ്ടായതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (ബി) | ആദിവാസികൾക്ക് മാലിന്യം ഭക്ഷിക്കേണ്ട സാഹചര്യമുണ്ടായതായി വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ പട്ടികവർഗ്ഗ പ്രോജക്ട് ഓഫീസർ, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവർ അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലാ പട്ടികവർഗ്ഗ പ്രോജക്ട് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | ആദിവാസികൾക്കായി ഈ സർക്കാർ ചെയ്തതായി അവകാശപ്പെടുന്നതെല്ലാം ഇത്തരത്തിൽ സംഭവിക്കുന്ന എന്ന സ്ഥിതി വിശേഷത്തിന്റെ കാരണം വ്യക്തമാക്കാമോ ? | (സി) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ വളരെ ഫലപ്രദമായിത്തന്നെയാണ് നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽതന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക ഭക്ഷ്യ സഹായപദ്ധതികളും നടപ്പിലാക്കിവരുന്നു. പദ്ധതികൾ നടപ്പിലാക്കേണ്ട കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പേരാവൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ൽ പെടുന്ന തിരുവോണപ്പുറം അമ്പലക്കുഴി കോളനിയിലെ പണിയ വിഭാഗത്തിൽ പെടുന്ന രാജീവൻ, ശാരദ ദമ്പതിമാരുടെ മക്കളായ രാജിത്ത്, രഞ്ജിത്ത് എന്നീ കുട്ടികളും, ശശി, ശാന്ത ദമ്പതിമാരുടെ മക്കളായ അഭിനവ്, അഖിൽ എന്നീ കുട്ടികളാണ് സ്ക്കൂളിൽ പോകാതെ മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ മതിൽ ചാടിക്കടന്ന് പഴകിയ ഭക്ഷണം കഴിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടത്.

റിപ്പോർട്ടിൽ സൂചിപ്പിക്കപ്പെട്ടിട്ടുളള മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ഈ കുട്ടികൾ സ്ഥിരമായി അതിക്രമിച്ച് കയറുന്നതായും, കേന്ദ്രത്തിൽ കയറാതിരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടും അനുസരിക്കാതെ കേന്ദ്രത്തിന്റെ മതിൽക്കെട്ട് കയറി മറിഞ്ഞ് മാലിന്യങ്ങൾക്കിടയിൽ നിന്നും പഴങ്ങൾ, ബേക്കറി സാധനങ്ങൾ എന്നിവ എടുത്ത് കഴിക്കാറുണ്ടെന്നും കേന്ദ്രത്തിലെ ജീവനക്കാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വിവരം കുട്ടികളോട് അന്വേഷിച്ചപ്പോൾ പഴകിയ ഭക്ഷണം കഴിച്ചിട്ടില്ലെന്നും പ്ളാന്റിലെ ജോലിക്കാരായ ചേച്ചിമാർ വീട്ടിൽ നിന്നും കൊണ്ടുവന്ന പഴമാണ് കഴിച്ചതെന്ന് അറിയാൻ കഴിഞ്ഞു. തേങ്ങ ശേഖരിക്കുന്നതിനുളള ചാക്കിനുവേണ്ടിയാണ് മാലിന്യത്തിൽ തെരഞ്ഞതെന്നും, അല്ലാതെ പഴകിയ യാതൊരു ഭക്ഷണവും ഇതുവരെ കഴിച്ചിട്ടില്ലെന്നും കുട്ടികൾ പറഞ്ഞു. മാലിന്യം കൊണ്ടുവരുന്ന ട്രാക്ടറിന്റെ ഡ്രൈവറുടെ നിർദ്ദേശാനുസരണം ടിയാൻ തന്നെയാണ് കുട്ടികളെ [redacted]ർത്തി ഫോട്ടോ എടുത്തത് എന്നാണ് ~~കുട്ടികൾ~~ [redacted]ശിച്ച എന്നോട് പറഞ്ഞത്.

ഇവരുടെ മാതാപിതാക്കൾ കാർഷിക മേഖലയിൽ കൂലിപ്പണി ചെയ്യുന്നവരാണ്. സ്ഥിരമായി കൂലിവേല ലഭിക്കുന്നതിനാൽ ഭക്ഷണത്തിനോ മറ്റ് അത്യാവശ്യങ്ങൾക്കോ ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ലെന്ന് മനസ്സിലാക്കുന്നു. പണിയസമുദായത്തിലെ പ്രസ്തുത കുടുംബത്തോട്

സമീപപ്രദേശത്ത് താമസിക്കുന്നവർക്കുളള വെറുപ്പ് മൂലമാണ് ഇത്തരം ഒരു വാർത്തവരാനിടയായതെന്നും കുട്ടികളുടെ മാതാപിതാക്കൾ അറിയിച്ചിട്ടുണ്ട്. ഈ രണ്ടു കുടുംബങ്ങൾ

ക്കും ആറളം പുനരധിവാസ മേഖലയിലെ 10 - ാം ബ്ളോക്കിൽ ഒരേക്കർ വീതം ഭൂമി ലഭിച്ചിട്ടുണ്ടെങ്കിലും ലഭിച്ച പ്ളോട്ടിലേക്ക് പോകാനോ, സ്ഥിരതാമസം ആരംഭിക്കുവാനോ ഇതുവരയായും തയ്യാറായിട്ടില്ല. ഒരുവിധം വാസയോഗ്യമായ വീടുകളിലാണ് ഇവർ ഇപ്പോഴും താമസിക്കുന്നത്.

രാജീവൻ-ശാരദ ദമ്പതിമാർക്ക് മേൽ പറഞ്ഞ കുട്ടികൾക്ക് പുറമേ 4 കുട്ടികൾ കൂടിയുണ്ട്. മുതിർന്ന 2 കുട്ടികൾ പഠനം നിർത്തിയവരാണ്. ഇളയ 2 കുട്ടികളിൽ ശരണ്യ (5 വയസ്സ്) ഒന്നാം ക്ളാസ്സിൽ പഠിക്കുന്നു. ഇളയ കുട്ടിക്ക് ഒരു വയസ്സുമാണ് ഉളളത്.

ശാന്ത-ശശി ദമ്പതിമാർക്കും ആകെ 6 മക്കളാണ് ഉളളത്. മുതിർന്ന 2 കുട്ടികൾ പഠനം നിർത്തിയവരാണ്. ഇളയ 2 കുട്ടികളിൽ ഒരാൾക്ക് 3 വയസ്സും, മറ്റൊരാൾക്ക് 1 വയസ്സും പ്രായമാണ് ഉളളത്.

സ്ഥലം സന്ദർശിച്ച് മേൽ കുട്ടികളോടും, അവരുടെ രക്ഷിതാക്കളോടും അന്വേഷിച്ചതിൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് ഉണ്ടാക്കാൻ ബാഹ്യ ഇടപെടലുകൾ ഉണ്ടായിട്ടുളളതായി മനസ്സിലാക്കുന്നു. ഈ റിപ്പോർട്ട് മൂലം പട്ടികവർഗ്ഗ സമൂഹവും, ഇവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വകുപ്പും അവഹേളിക്കപ്പെടുകയാണ് ചെയ്യുന്നത്. ഈ വിഷയത്തിലുളള ബാഹ്യപ്രേരണ അന്വേഷണവിഷയമാക്കേണ്ടതാണ്.

റിപ്പോർട്ടിൽ പറയുന്ന കുട്ടികളെ ഏറ്റെടുത്ത് പഠിപ്പിക്കുവാൻ മാനന്തവാടി താലൂക്കിലെ പേരിയ എന്ന സ്ഥലത്തുളള പഴശ്ശിരാജ ആശ്രമം സ്ക്കൂൾ അധികൃതർ സന്നദ്ധത പ്രകടിപ്പിക്കുകയും അതിൻപ്രകാരം 3 കുട്ടികളെ ആവശ്യമായ വസ്ത്രങ്ങൾ വാങ്ങി നൽകി ടി സ്ഥാപനത്തിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

മേൽ കോളനിയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ജില്ലാ കലക്ടറും, ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറും കോളനി സന്ദർശിച്ച വേളയിൽ ജില്ലാ കലക്ടറുടെ നിർദ്ദേശാനുസരണം കോളനി നിവാസികൾക്ക് താല്ക്കാലിക റേഷൻകാർഡ് വിതരണം ചെയ്തിട്ടുണ്ട്. മേൽക്കോളനിയിലെ ഭൂരിഭാഗം കുട്ടികളും സ്ക്കൂളിൽ പോകുന്നവരാണ്. ഇവർക്കായി ഗോത്രസാരഥി പദ്ധതിയും അനുവദിച്ചിട്ടുണ്ട്. വീട് റിപ്പയർ, കക്കൂസ് നിർമ്മാണം തുടങ്ങി നവീകരണ പദ്ധതികൾക്കുളള രൂപരേഖ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുളള നടപടികളും സ്വീകരിച്ചുവരുന്നു. പ്രോജക്ട് ഓഫീസർ നേരിട്ട് അന്വേഷിച്ച് ലഭിച്ച മൊഴിയുടെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം അമ്പലമുക്ക് "കോട്ടുവാക്കൽ"
(പേരൂർ പഞ്ചായത്ത് വാർഡ് (12) ശാരദ w/o രാജീവനും
മക്കൾ രാജിത്ത്, രഞ്ജിത്ത്, ശാന്തശാലി ദമ്പതിമാരുടെ മക്കൾ
അഭിനന്ദ് എന്നിവർ 6/11/15ന് കണ്ണൂർ ഐ.ടി.ഡി.പി
ഓഫീസർ ജുർവാക ശ്രീ. പേരാവൂർ ടി ഇഒ ശ്രീമതി രതി,
ST പ്രൊമോട്ടർമാരായ വിനീത നക, ഗൈതാ PK, ബിന്ദു
എന്നിവരുടെ സാന്നിദ്ധ്യത്തിൽ നൽകിയ മൊഴി.

മാതൃഭൂമി ദിനപത്രത്തിൽ "ആദിവാസി കുട്ടികൾ
മാലിന്യം ഭക്ഷിക്കുന്നു" എന്ന പത്രവാർത്തയെ പറ്റി
അറിഞ്ഞിരുന്നു. എന്റെ കുട്ടികൾക്ക് മുഖ്യമായി വീട്ടിൽ നിന്നും
ഭക്ഷണം നൽകാറുണ്ട്. ഞങ്ങൾ നിർബന്ധിച്ചാലും പലപ്പോഴും
കുട്ടികൾ സ്കൂളിൽ പോവാറില്ല. ഭർത്താവ് രാജീവൻ ആലക്കോട്
ഭാഗത്ത് സ്ഥിരമായി കൂലിപ്പണിക്ക് പോവുകയും ആഴ്ച തോറും
വീട്ടിൽ വരികയും ~~കുടുംബത്തിന്~~ ആവശ്യമായ ഭക്ഷണം
ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങി തരാറുണ്ട്. എന്റെ
കുട്ടികൾ ഏകദേശം 1 കി.മീ. ദൂരെയുള്ള പഞ്ചായത്തിന്റെ
മാലിന്യ സംസ്കരണ കേന്ദ്രത്തിൽ പോവുകയും പഴകിയ
ഭക്ഷണം കഴിക്കുകയും ചെയ്യുന്നു എന്ന് ഇന്നലെ പത്രവാർത്ത
കണ്ട് ഇവിടെ വന്നവർ ~~പറ~~ പറഞ്ഞാണ് അറിഞ്ഞത്.
കുട്ടികളോട് അന്വേഷിച്ചപ്പോൾ പഴകിയ ഭക്ഷണം
കഴിച്ചിട്ടില്ലെന്നും ചാലിലെ കോളനിക്കാരായ ചേച്ചിമാർ
വീട്ടിൽ നിന്ന് കൊണ്ടു വന്ന പഴമാണ് തന്നതെന്നും
അതാണ് കഴിച്ചതെന്നും ചേച്ചിമാരും കഴിച്ചിരുന്നതായും പറഞ്ഞു.
ഞങ്ങൾ പെറുക്കാൻ പാക്കിന് വേണ്ടിയാണ് മാലിന്യത്തിൽ
തിരഞ്ഞതെന്നും പറഞ്ഞു. അല്ലാതെ പഴകിയ യാതൊരു

ഭക്ഷണവും വസ്ത്രവും അവിടെ നിന്ന് കിട്ടിയിരുന്നു 13
കുട്ടികൾ പറഞ്ഞു ടീച്ചറിന്റെ ഡ്രൈവർ ചേട്ടൻ
ഫോട്ടോ എടുക്കണമെന്ന് പറഞ്ഞ് ഞങ്ങളെ നിർത്തി
മൊബൈൽ ഫോണിൽ ഫോട്ടോ എടുത്തു. ഇത്രയും
നടന്നവയെന്നാണ് കുട്ടികൾ പറയുന്നത്.

മൊഴി വായിച്ചു കേട്ടു

ശരി.

ശാരദ W/o സജീവൻ
വീട്ടു നം. XII/27

സാക്ഷികൾ: 1) ചിത്ര D/o ശാരദ
2) വിനീത. എം. ജെ. എസ്.ടി. പ്രൊമോട്ടർ
3. ഷൈമ. വി. ജെ. എസ്.ടി. പ്രൊമോട്ടർ
4. ബിന്ദു. വി [redacted] എസ്.ടി. പ്രൊമോട്ടർ [redacted]

True copy

PROJECT OFFICER
I.T.D.P. KANNUR